ഉത്തരം

(എ) 1983-84 അദ്ധ്യയനവർഷത്തിൽ ആണ് സംസ്ഥാനത്ത് വി.എച്ച്. എസ്.ഇ. കോഴ്സുകൾ ആരംഭിച്ചത്.

(ബി) സംസ്ഥാനത്ത് 230 സർക്കാർ സ്കൂളുകളിലും 91 എയ്ഡഡ് സ്കൂളുകളിലുമായി ആകെ 321 സ്കൂളുകളിൽ 45 തരം തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി കോഴ്സുകൾ നടത്തിവരുന്നു. ഈ കോഴ്സുകളുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) പി.എസ്.സി.യുടെ അംഗീകാരം ലഭിച്ചിട്ടുള്ള 12 (പന്ത്രണ്ട്) കോഴ്സുകളാണുള്ളത്. ഇവയുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. സിവിൽ കൺസ്ട്രക്ഷൻ ആൻഡ് മെയിന്റനൻസ്
2. അഗ്രികൾച്ചർ (പ്ലാന്റ് പ്രൊട്ടക്ഷൻ)
3. അഗ്രികൾച്ചർ (ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ്)
4. അഗ്രികൾച്ചർ (നേഴ്സറി മാനേജ്മെന്റ് ആൻഡ് ഓർണമെന്റൽ ഗാർഡനിംഗ്)
5. അഗ്രികൾച്ചർ (സെറികൾച്ചർ)
6. ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് (ഡയറി ഹസ്ബൻഡറി)
7. ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് (പൗൾട്രി ഹസ്ബൻഡറി)
8. ഡയറിയിങ്ങ് (മിൽക്ക് പ്രോഡക്ട്സ്)
9. ഇ.സി.ജി. ആന്റ് ആഡിയോമെട്രിക് ടെക്നീഷ്യൻ
10. ഫിസിക്കൽ എഡ്യൂക്കേഷൻ
11. ക്ലോത്തിംഗ് ആന്റ് എബ്രോയിഡറി
12. ഓഫീസ് സെക്രട്ടറിഷിപ്പ്

(ഡി) ഉണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

41 (185) **ഡി.പി.ഇ.പി. പദ്ധതിക്ക് വിദേശ സഹായം**

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. പദ്ധതിയുടെ നടത്തിപ്പിലേക്കും മറ്റുകാര്യങ്ങൾക്കുമായി ലോകബാങ്കിൽ നിന്നും ഇതുവരെ എത്ര സാമ്പത്തികസഹായം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിക്കുവേണ്ടി ഇനിയും ലഭിക്കാനിടയുള്ള വിദേശസഹായം എത്രയാണ്;

(സി) ലഭ്യമായ സഹായം ഏതെല്ലാം തരത്തിലാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ?

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡി.പി.ഇ.പി.ക്ക് ലോകബാങ്ക് നേരിട്ട് സാമ്പത്തിക സഹായം നൽകുന്നില്ല. പദ്ധതി നടത്തിപ്പിനായി ലോകബാങ്ക് കേന്ദ്ര സർക്കാരിന് വായ്പയായി നൽകുന്ന തുക കേന്ദ്ര സർക്കാർ ഡി.പി.ഇ.പി. ക്ക് ഗ്രാന്റായി നൽകുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ഈ ഇനത്തിൽ ആകെ 88.862 കോടി രൂപ ഡി.പി.ഇ.പി. നടപ്പിലാക്കുന്ന സൊസൈറ്റി ആയ 'പെഡസ്ക്കി'നു ലഭിച്ചിട്ടുണ്ട്.

(ബി) വിദേശ സഹായം ലഭിക്കുന്നില്ല.

(സി) ലഭ്യമായ സഹായത്തിന്റെ 24% സ്കൂളുകളിൽ ഭൗതിക സാഹചര്യമൊരുക്കൽ/കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കും 6% ഭരണ നിർവഹണത്തിനുമായി 70% അദ്ധ്യാപക പരിശീലനം ഉൾപ്പെടെയുള്ള അക്കാദമിക കാര്യങ്ങൾക്കും അംഗവൈകല്യമുള്ള വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സംയോജിത വിദ്യാഭ്യാസ പദ്ധതി, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പെൺകുട്ടികൾക്കും സൗജന്യ പഠനോപകരണ വിതരണം, അദ്ധ്യാപകർക്കും സ്കൂളുകൾക്കും ഗ്രാന്റ് വിതരണം, ഗിരിജന തീരദേശവാസികളായ കുട്ടികൾക്കുവേണ്ടിയുള്ള പദ്ധതി, പ്രീ-പ്രൈമറി വിദ്യാഭ്യാസ പദ്ധതി, സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടിയുള്ള പദ്ധതി, ഗവേഷണം തുടങ്ങിയവയ്ക്കുമാണ് വിനിയോഗിച്ചുവരുന്നത്.

42 (186) ഫീസ് വർദ്ധനവ്

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റികളിലും പോളിടെക്നിക്കുകളിലും നടത്തുന്ന വിവിധ കോഴ്സുകൾക്ക് ഫീസ് വർദ്ധിപ്പിക്കാൻ തീരുമാനമായോ;

(ബി) ഏതെല്ലാം കോഴ്സുകൾക്കാണ് ഫീസ് വർദ്ധന ഏർപ്പെടുത്തിയത്;

(സി) അഡ്മിഷൻ ഫീസ് ട്യൂഷൻ ഫീസ്, പരീക്ഷാഫീസ് തുടങ്ങിയവ വർദ്ധിപ്പിച്ചതിന്റെ മാനദണ്ഡം എന്താണ്;

(ഡി) നിലവിലുള്ളതിൽനിന്നും എത്രമാത്രം ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്;

(ഇ) ഫീസ്വർദ്ധന രക്ഷിതാക്കൾക്ക് ദുർവഹമാണെന്നതിനാൽ ഈ വർദ്ധന പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) യൂണിവേഴ്സിറ്റികളിൽ ഫീസ് വർദ്ധിപ്പിക്കാൻ തീരുമാനമായിട്ടില്ല. പോളിടെക്നിക്കുകളിൽ നടത്തുന്ന ഡിപ്ലോമ കോഴ്സുകൾക്ക് (റഗുലർ) ഫീസ് വർദ്ധനവ് ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly